(16) മഞ്ചേശ്വരം ഹൊസ്ബെട്ട് കടപ്പുറത്ത് മിനി ഹാർബർ നിർമ്മാണം

ശ്രീ. ചെർക്കളം അബ്ദുള്ള : സർ, മഞ്ചേശ്വരം ഹൊസ്ബെട്ട് കടപ്പുറത്ത് ഒരു മൈനർ പോർട്ട് നിർമ്മാണത്തിനാവശ്യമായ വിജ്ഞാപനം സർക്കാർ ഇറക്കിയിട്ട് വർഷങ്ങളായി. അതിന്റെ നിർമ്മാണ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. അടിയന്തിര പ്രാധാന്യം നൽകി ഇതിന്റെ നിർമ്മാണ പ്രവർത്തനം ഉടനെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, 1998 ഒക്ടോബർ 6-ാം തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരമാണ് മഞ്ചേശ്വരം ഒരു തുറമുഖമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചത്. തുറമുഖ അനുബന്ധ വ്യവസായ സ്ഥാപനങ്ങളോടൊപ്പം ഒരു തുറമുഖം അവിടെ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് ലഭ്യമായിട്ടുള്ള ഭൂമിയുടെ വിവരം ശേഖരിച്ചതിനുശേഷം മാത്രമേ സ്വകാര്യ പങ്കാളിത്തം തേടിക്കൊണ്ട് ഇതിനായി പത്രപ്പരസ്യം നൽകാൻ കഴിയുകയുള്ളൂ, ഇതിനാവശ്യമായ വിവരങ്ങൾ റവന്യൂ അധികൃതരോട് ആരാഞ്ഞിട്ടുണ്ട്. സ്ഥല ലഭ്യതയെ സംബന്ധിച്ച റിപ്പോർട്ട് കിട്ടിയാലുടനെ തുറമുഖ വികസനത്തിന് സ്വകാര്യ പങ്കാളിത്തം തേടിക്കൊണ്ട് പത്രപ്പരസ്യം നൽകുന്നതാണ്.

(17) പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ

ശ്രീ. പി. എസ്. സുപാൽ : സർ, പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷനിലെ തൊഴിലാളികളുടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് വളരെ അനുഭാവപൂർവ്വമായ സമീപനമാണ് ബഹുമാന്യപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും പലപ്പോഴും ഉണ്ടായിട്ടുള്ളത്. എങ്കിലും വളരെ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട തൊഴിലാളികളുടെ ചില പ്രശ്നങ്ങൾ ഇപ്പോഴും നിലനിൽക്കുന്നു എന്നുള്ളതാണ് വസ്തുത. ഈ സഭാതലത്തിൽ പല തവണ ഈ വിഷയം ബഹു. മന്ത്രിയുടേയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ളതാണ്. അവിടെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് ഫാമിലി കാർഡ് നൽകി. ആ കാർഡിൽ പേരുള്ളവർക്കു മാത്രമേ ജോലി ലഭിക്കുകയുള്ളൂ. ഇവിടെ വന്നതിനുശേഷം ജനിച്ച കുട്ടികളെ സംബന്ധിച്ചിടത്തോളം ഫാമിലി കാർഡിൽ പേര് ഇല്ലാത്തതുകൊണ്ട് അവർക്ക് ജോലി ലഭിക്കാത്ത സാഹചര്യമുണ്ട്. കേന്ദ്രഗവൺമെന്റുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ട ഒരു വിഷമാണിതെന്നതിനാൽ സത്വരമായി സംസ്ഥാന ഗവൺമെന്റ് ഇടപെട്ടുകൊണ്ട് ഫാമിലി കാർഡിൽ പേരില്ലാത്തവർക്ക് കൂടി ജോലി ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കാനുള്ള ശ്രമം നടത്തണം. അതുപോലെതന്നെ അവർ വന്ന സമയത്ത് അവർക്ക് നൽകിയ ക്വാർട്ടേഴ്സുകൾ മുന്നോ നാലോ അംഗങ്ങൾക്ക് മാത്രം താമസിക്കാൻ സൗകര്യമുള്ളവയായിരുന്നു. ഇന്നിപ്പോൾ ഒരു ഫാമിലിയിൽ പത്തും പതിനഞ്ചും അംഗങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്ന സമയത്ത് ആ ക്വാർട്ടേഴ്സുകൾ നേരിൽ

LIBRARY ARCHIVES Kerala Legislative Assembly

കണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് ഭവനനിർമ്മാണ വകുപ്പിനെ കൊണ്ട് അവർക്ക് താമസിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കാനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അവിടെ മൂന്നുനാല് കുടുംബങ്ങൾക്കായി ഒരു ഇലക്ട്രിസിറ്റി മീറ്ററാണ് വച്ചിട്ടുള്ളത്. അതുകൊണ്ട് പലർക്കും കറണ്ട് ചാർജ്ജ് അധികരിച്ചുവരുന്നു. സെപ്പറേറ്റ് മീറ്റർ വയ്ക്കണമെന്നുള്ള നിർദ്ദേശമുണ്ടായിരുന്നു ; അതിന് ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. അത് ത്വരിതപ്പെടുത്തിക്കൊണ്ട് ഈ തൊഴിലാളികളുടെ വിഷമങ്ങൾ പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, നാല് പോയിന്റുകളാണ് അദ്ദേഹം പറഞ്ഞത്. ഞാൻ അവിടെ പോയി ഇതെല്ലാം കണ്ടതാണ്. നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. എനിക്ക് നേരിട്ട് അറിയാവുന്ന കാര്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ എന്റെ കൂടെ ഉണ്ടായിരുന്നു. 700 കുടുംബങ്ങൾ അവിടെയുണ്ട്. അഭയാർത്ഥികളെ പുനരധിവസിപ്പിക്കാൻ വേണ്ടി ഉണ്ടാക്കിയതാണ് ഈ പ്ലാന്റേഷൻ. 700 കുടുംബങ്ങളിലായി 1400 പേർക്ക് ജോലി കൊടുക്കാനാണ് തീരുമാനിച്ചിരുന്നത്. ഇൻഡ്യയിൽ വന്നതിനുശേഷം ജനിച്ച കുട്ടികൾക്ക് ജോലി കൊടുക്കാൻ വ്യവസ്ഥയില്ല. അത് കേരളം മാത്രം തീരുമാനിക്കേണ്ട കാര്യമല്ല. ഗവൺമെന്റ് ഓഫ് ഇൻഡ്യ കൂടെ തീരുമാനിക്കണം. കർണ്ണാടകയിലും മറ്റ് സംസ്ഥാനങ്ങളിലും ഇതുപോലെ ആളുകളെ താമസിപ്പിച്ചിട്ടുണ്ട് അവിടെയൊക്കെ, അവിടെ ജനിച്ച കുട്ടികൾക്ക് ജോലി കൊടുക്കുന്നു എങ്കിൽ കേരളവും കൊടുക്കും. അത് പരിശോധിക്കേണ്ട കാര്യമാണ്. അവിടത്തെ ക്വാർട്ടേഴ്സുകളെ സംബന്ധിച്ച്, സൗകര്യം പോര, കുറച്ചുകൂടി സൗകര്യം കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുവേണ്ടി ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാവർക്കും താമസിക്കാനുള്ള വീടുകൾ ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചിട്ടില്ല. കുടുംബാംഗങ്ങളുടെ എണ്ണം ഇരട്ടിച്ചിട്ടുണ്ട്. അവർക്ക് പ്രത്യേകമായ താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. പിന്നെ വെള്ളം, വൈദ്യുതി എന്നിവയ്ക്കുള്ള സൗകര്യങ്ങളുണ്ടാക്കാനും പ്രത്യേക മീറ്ററുകൾ സ്ഥാപിക്കാനും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കേരളമല്ലാതെ മറ്റൊരു സംസ്ഥാനവും ഇത്രയധികം കാരുണ്യം കാണിക്കുമെന്ന് തോന്നുന്നില്ല. അത്രയധികം സൗകര്യം കേരളാ ഗവൺമെന്റ് അവർക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്.

(18) ചെർപ്പുശ്ശേരി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, ചെർപ്പുശ്ശേരി 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കി കമ്മീഷൻ ചെയ്യണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്. അതോടൊപ്പം ആരംഭിച്ച നിരവധി സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി. എന്നാൽ ഈ സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അത് ഉടനെ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly